



**മഹാത്മാഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള**

**തിരുവനന്തപുരം ജില്ല**

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

★ ബ്ലോക്ക്- പാറശ്ശാല

★ ഗ്രാമപഞ്ചായത്ത് - പൂവാർ

★ വാർഡ് - അരശുംമൂട്(3)

★ ഗ്രാമസഭ തീയതി : 29/11/2019

## ★ സമയം - 2.30 pm

## ആമുഖം

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിതം സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ടുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ തൊഴിൽ ലഭിക്കുന്നു എന്നും അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെന്റ് പാസാക്കിയ നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം. 2005 ഓഗസ്റ്റ് 23 ആം തീയതി യാണ് പാർലമെന്റ് ഈ നിയമം പാസാക്കുന്നത്.

തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം പരമാവധി ഉറപ്പുവരുത്തുന്നു എന്നാണ് ഈ നിയമത്തിലെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനം തൊഴിൽ എടുത്തശേഷം വേതനം വൈകുകയോ ലഭിക്കാതിരിക്കുകയും ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു..

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനം അർഹതയുണ്ടായിരിക്കും. അതുപോലെ ചെയ്ത തൊഴിൽ വേതനം 14 ദിവസത്തിൽ കൂടുതൽ വൈകിയാൽ വൈകുന്ന ഓരോ ദിവസവും നഷ്ടപരിഹാരം ലഭിക്കുന്നതിനും

അർഹതയുണ്ട്. തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് തൊഴിലോ തൊഴിലില്ലായ്മ വേതനം ഉറപ്പായും ഉറപ്പു വരുത്തണം എന്നാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 ഗ്രാമീണ ജില്ലകളിൽ 2006 ഫെബ്രുവരി 2 തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും പാലക്കാടും ഈ 200 ജില്ലകളിൽ ഉൾപ്പെട്ടിരിക്കുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ന് ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്. ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണ ത്തിൽ നിർണായകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്ന കാര്യം പരിഗണിച്ചു 2009 ഒക്ടോബർ രണ്ടാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

## തിരുവനന്തപുരം ജില്ല

കേരളത്തിന്റെ തെക്കേ അറ്റത്തുള്ളതും സംസ്ഥാനത്തിന്റെ തലസ്ഥാന നഗരം ഉൾക്കൊള്ളുന്നതുമായജില്ല. ഭാരതത്തിന്റെ തെക്കേ അറ്റമായ കന്യാകുമാരി തിരുവനന്തപുരം ജില്ലയുടെ അതിരായ പാറശാലയിൽ നിന്നും 56 കിലോമീറ്റർ അകലെയായി സ്ഥിതി ചെയ്യുന്നു

### പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്

തമിഴ്നാടിന്റെ അതിർത്തിയും കേരളത്തിന്റെ തെക്കേ അറ്റവുമായ ബ്ലോക്ക് പഞ്ചായത്താണ് പാറശാല ബ്ലോക്ക് പഞ്ചായത്ത്. തമിഴ്, മലയാളം എന്നീ ഭാഷകളുടെ സംഗമ സ്ഥാനം കൂടി ആയതിനാൽ ജനങ്ങൾക്ക് കലയോടും സംസ്കാരത്തോടും നല്ല മതിപ്പുണ്ട്. പരമ്പരാഗത കുടിൽ വ്യവസായമായ കരിപ്പട്ടി നിർമാണത്തിൽ തുടങ്ങി ആധുനിക വ്യവസായ സംരംഭങ്ങൾ വരെ ഇവരുടെ ജീവിതത്തെ സ്വാധീനിക്കുന്നുണ്ട്. ഭൂരിഭാഗം ആളുകളും ദ്വിഭാഷികളാണ്.

പാറശ്ശാല ബ്ലോക്ക് പരിധിയിൽ ചെങ്കൽ, കാരോട്, കുളത്തൂർ, പൂവാർ, തിരുപുറം, പാറശ്ശാല എന്നിങ്ങനെ ആറ് പഞ്ചായത്തുകളാണ് ഉള്ളത്.

## പൂവാർ ഗ്രാമ പഞ്ചായത്ത്

1929 സെപ്റ്റംബർ 25നാണ് പൂവാർ ഗ്രാമപഞ്ചായത്ത് നിലവിൽ വന്നത്. തിരുവനന്തപുരം ജില്ലയിലെ കടലോര മേഖലകളിൽ ഉൾപ്പെടുന്ന ഒരു ഗ്രാമപഞ്ചായത്താണ് പൂവാർ. മത്സ്യത്തൊഴിലാളികളും മറ്റു ദരിദ്ര ജനവിഭാഗങ്ങളും തിങ്ങി പാർക്കുന്ന ഈ പ്രദേശത്തിന്റെ വികസന മണ്ഡലം ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നതാണ്. 7.3 നാല് സ്ക്വയർ കിലോമീറ്റർ വിസ്തീർണവും 22611 ജനസംഖ്യയും ആണ് ഇപ്പോൾ പഞ്ചായത്തിലുള്ളത്. തിരുപുറം വില്ലേജിന്റെ പരിധിയിലാണ് ഈ പഞ്ചായത്ത് പ്രദേശം. ഇപ്പോൾ പൂവാർ വില്ലേജ് അനുവദിച്ചിട്ടുണ്ട്.

15 വാർഡുകളാണ് ഈ പഞ്ചായത്തിലുള്ളത്. തീരദേശ വാർഡുകൾ ഒഴികെ വാർഡുകൾ എല്ലാം കാർഷികമേഖലയാണ്. പൂവാർ ഗ്രാമപഞ്ചായത്തിനു സർക്കാരിൽ നിന്ന് ലഭിക്കുന്ന വികസന ഫണ്ട് ഉപയോഗിച്ചും വിവിധ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ധനസഹായം ഉപയോഗിച്ചും ജനങ്ങളുടെ സഹകരണത്തോടെ വിവിധ ക്ഷേമ പ്രവർത്തനങ്ങളും പൊതുവായ വികസനപ്രവർത്തനങ്ങളും നടത്താൻ കഴിഞ്ഞിട്ടുണ്ട്.

### അടിസ്ഥാനവിവരങ്ങൾ

വില്ലജ് : തിരുപുറം

താലൂക്ക് : നെയ്യാറ്റിൻകര

വിസ്തീർണ്ണം :7.34 ചതുരശ്ര കിലോമീറ്റർ വാർഡുകളുടെ എണ്ണം :15

### അതിരുകൾ

കിഴക്ക് : നെയ്യാർ

പടിഞ്ഞാറ് : കരുംകുളംപഞ്ചായത്ത്

തെക്ക് :അറബിക്കടൽ

വടക്ക് :തിരുപുറം പഞ്ചായത്ത്

## രീതിശാസ്ത്രം

കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റി, കേരള, തിരുവനന്തപുരം ജില്ല- പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സനിന്റെ സഹായത്തോടെ വില്ലേജ് റിസോഴ്സ് പെഴ്സൻസ് ആണ് തിരുവനന്തപുരം ജില്ലയിൽ പാറശ്ശാല ബ്ലോക്കിലെ പൂവാർ പഞ്ചായത്തില മൂന്നാം വാർഡ് ആയ അരശുംമൂട്ആണ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനം

**നടത്തിയത്.**
**ആദ്യഘട്ടം:**
**പഞ്ചായത്ത് സെക്രട്ടറി, പ്രസിഡന്റ് , വാർഡ് മെമ്പർ, എൻ ആർ ഇ ജി എസ് സ്റ്റാഫ് എന്നിവരുമായി സോഷ്യൽ ഓഡിറ്റ് പാറശ്ശാല ബ്ലോക്ക് റിസോഴ്സ് പേഴ്സൺ വാർഡ് 12ൽ നടത്തേണ്ട സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ച.**

**രണ്ടാം ഘട്ടം:**
**2018 ഒക്ടോബർ മാസംഒന്നാം തിയതി മുതൽ 2019 മാർച്ച് മാസം വരെ ഏറ്റെടുത്ത് നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ, 7 രജിസ്റ്ററുകൾ, എം ഐ എസ് എന്നിവ പരിശോധിക്കൽ.**

**മൂന്നാം ഘട്ടം:**
**പരിശോധിച്ച ഫയലുകളുടെ അടിസ്ഥാനത്തിൽ പ്രവൃത്തിയിടങ്ങൾ പരിശോധിക്കൽ, ചെയ്ത പ്രവൃത്തികളുടെ അളവുകൾ പരിശോധിക്കൽ**

**നാലാം ഘട്ടം:**
**ഗുണഭോക്താക്കളോട് പ്രവൃത്തികളുടെ ഗുണഫലങ്ങൾ ചോദിച്ചറിയുകയും, സജീവ തൊഴിലാളികളെകണ്ട് തൊഴിൽകാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവ പരിശോധിച്ച് അഭിമുഖം നടത്തലും വിവരശേഖരണം നടത്തലും .**

**അഞ്ചാം ഘട്ടം:**
**ഫീൽഡ് പരിശോധനയുടെയും ഫയൽ പരിശോധനയുടെയും അടിസ്ഥാനത്തിൽ റിപ്പോർട്ട് തയാറാക്കൽ.**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്നത് എന്തൊക്കെയെന്നും കാര്യക്ഷമമായും ഫലപ്രദമായും ഈ പദ്ധതി എങ്ങനെ നടപ്പിലാക്കാമെന്നും ഗ്രാമപഞ്ചായത്തിനെയും തൊഴിലാളികളെയും ഗ്രാമസഭ അംഗങ്ങളെയും ബോധ്യപ്പെടുത്തുന്നതിനും വേണ്ടിയാണ് ഈ സോഷ്യൽ ഓഡിറ്റ്.**

## സോഷ്യൽ ഓഡിറ്റ്

**മറ്റു പദ്ധതിയിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയെ വ്യത്യസ്തമാക്കുന്നത് സോഷ്യൽ ഓഡിറ്റ് ആണ്. തൊഴിലുറപ്പ് നിയമം 17( 2) വകുപ്പിൽ തൊഴിലുറപ്പ് പദ്ധതിയിലൂടെ ഏറ്റെടുത്ത എല്ലാ പ്രവർത്തികളും സംബന്ധിച്ച് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ കൃത്യമായ ഇടവേളകളിൽ നടത്തണമെന്നും സുതാര്യത ഉറപ്പു വരുത്തണമെന്നും അനുശാസിക്കുന്നു. സോഷ്യൽ ഓഡിറ്റിനു വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക, രജിസ്റ്ററുകളും റെക്കോർഡുകളും ലഭ്യമാക്കുക, എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകൾ ആണ്.**

**ഗ്രാമസഭകൾ ആണ് സോഷ്യൽ ഓഡിറ്റ് വേദികൾ ഗ്രാമസഭ ആറുമാസത്തിലൊരിക്കൽ നിർബന്ധമായും സോഷ്യൽ ഓഡിറ്റ് നടത്തിയിരിക്കണം. സംസ്ഥാന സർക്കാർ സോഷ്യൽ ഓഡിറ്റ് നടത്തേണ്ട രീതി സംബന്ധിച്ച് ഉത്തരവ് (ജി.ഒ. നം. 2952/2007,എൽ. എസ്. ജി. ഡി /തിയതി 31.10.2007) പുറപ്പെടുവിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ വിജയം ജനങ്ങളുടെ പങ്കാളിത്തമാണ്. സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയുടെ തീയതി,അജണ്ട, വേദി എന്നിവ നിശ്ചയിച്ച 7 ദിവസം മുൻപ് ജനങ്ങൾക്ക് വിവരം നൽകിയിരിക്കണം. പദ്ധതിയുടെ ആസൂത്രണം, നിർവ്വഹണം മോണിറ്ററിംഗ്, തുടങ്ങി ചുമതലകൾ ഉള്ള എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം**

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സുഗമമായും സുതാര്യമായും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരളത്തിൽ സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ്( as per GO (Rt) No.3906/2015/LSGD,Dated 30.12.2015) 31.1.2017 നിലവിൽവന്നു. യൂണിറ്റ് ട്രാവൻകൂർ ചാരിറ്റബിൾ സൊസൈറ്റി നിയമം 1955 (No.TVM/TC/123/2017)പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ് .**

കേന്ദ്രസർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെ പറയുന്ന രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്

1) കവർ പേജ്
2) ചെക്ക് ലിസ്റ്റ്
3) ആക്ഷൻ പ്ലാൻ /ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി
4) സാങ്കേതികഎസ്റ്റിമേറ്റുംഡിസൈനും അടങ്ങുന്ന സാങ്കേതികഅനുമതിയുടെകോപ്പി
5) ഭരണാനുമതിയുടെ കോപ്പി
6) സങ്കേതികാനുമതിയുടെ കോപ്പി
7) സംയോജിത പദ്ധതി വിശദാംശങ്ങൾ
8) തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ
9) തൊഴിൽ അനുവദിച്ചുകൊണ്ടുള്ള രേഖയുടെ കോപ്പി
10) പൂരിപ്പിച്ച മാസ്റ്ററോൾ കോപ്പി
11) മെഷർമെൻറ് ബുക്കിന്റെ കോപ്പി
12) സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ്മെൻറന്റിയും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി
13) വേജ് ലിസ്റ്റ്
14) വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെയും FTO യുടെയും കോപ്പി
15) മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലുകളുടെയും കോപ്പി
16) റോയലിറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി
17) തൊഴിലിന്റെ മൂന്ന് ഘട്ടങ്ങളിലുള്ള ഫോട്ടോകൾ
18) പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ കോപ്പി
19) മസ്റ്റർ റോൾ മൂവ്മെൻറ് സ്ലിപ്പ്
20) ആസ്തിയുടെ ജിയോ ടാഗ്ഡ് ഫോട്ടോകൾ
21) സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിന്റെ കോപ്പി
22) സൈറ്റ് ഡയറി

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം പഞ്ചായത്തുകളിൽ നിർബന്ധമായും 7 രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്**

1. **തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ**
2. **ഗ്രാമസഭ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭ മീറ്റിംഗ് രജിസ്റ്റർ**
3. **തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ**
4. **പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ**
5. **സ്ഥിതി ആസ്തികളുടെ രജിസ്റ്റർ**

**6 സാധന രജിസ്റ്റർ**

**7 ഗ്രാമസഭ രജിസ്റ്റർ**

**7 രജിസ്റ്റർ പരിശോധന വിശദാംശങ്ങൾ**

**1. job card register (തൊഴിൽ കാർഡിനുള്ള കുടുംബാപേക്ഷകരുടെ രജിസ്റ്റർ)**

168 തൊഴിലാളികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു 2 തൊഴിലാളികളുടെ ഫോട്ടോ മറ്റ് വിശദാംശങ്ങൾ ഉണ്ടായിരുന്നില്ല.

**2. Demand register,**

**ഡിമാൻഡ് രജിസ്റ്റർ ഉണ്ടായിരുന്നു**

**payment of allocation of work**

ഇതിൽ ഓരോ തൊഴിലാളികളും എത്ര ദിവസം തൊഴിൽ ചെയ്തു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു

**3. work register (തൊഴിൽ ആവശ്യപ്പെട്ടതും തൊഴിൽ കൊടുത്തതും സംബന്ധിച്ച് രജിസ്റ്റർ )**

255പ്രവർത്തികളുടെ വിശദ വിവരങ്ങൾ നൽകിയിരുന്നു.

**4. Fixed asset register (. പ്രവർത്തിയുടെ ലിസ്റ്റും ചിലവും വിശദാംശങ്ങളും സംബന്ധിച്ച് രജിസ്റ്റർ)**

2018-2019 വരെ പൂർത്തീകരിച്ച പ്രവർത്തികളുടെ വിശദാംശങ്ങൾ, ക്രമ നമ്പരുകൾ, ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ, ഉണ്ടായിരുന്നു.

**5. പരാതി register**

20/10/2016 ൽ രജിസ്റ്റർ ചെയ്ത ഒരു പരാതി മാത്രമേ രജിസ്റ്ററിൽ ഉണ്ടായിരുന്നുള്ളൂ. ഇതിൽ സാക്ഷ്യപ്പെടുത്തലുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല

**6. Material register (. സാധന രജിസ്റ്റർ )**

**2017-2020 വരെയുള്ള** പ്രവർത്തികളുടെ വിശദാംശങ്ങൾ ഉണ്ടായിരുന്നു.

**7. ഗ്രാമസഭ രജിസ്റ്റർ**

2017 മുതലുള്ള ഗ്രാമസഭാ മിനിറ്റ്സുകൾ രജിസ്റ്ററിൽ ഉണ്ട്. ഇതിൽ രണ്ട് ഗ്രാമസഭ മിനിറ്റുകൾ പൂർണ്ണമല്ല.

2019- 20 സാമ്പത്തിക വർഷത്തിൽ 27 /7 /2019 നടന്ന ഗ്രാമസഭയുടെ നോട്ടീസ്, 77 പേർ ഒപ്പുകൾ രേഖപ്പെടുത്തിയിരിക്കുന്നു, മിനിറ്റുകൾ പൂർണമല്ല

# ലൈഫ് ഭവന നിർമ്മാണ പദ്ധതികൾ

**3** വാർഡ് ആയ അരശുംമൂട് **7**ലൈഫ് ഭവന പദ്ധതികൾ നടന്നതായി ഫയൽ പരിശോധനയിൽ നിന്നും വ്യക്തമായി

| പേര് | വർക്ക് കോഡ് |
|---|---|
| ശോഭനകുമാരി | IF/384607 |
| സിന്ധു | IF/384583 |
| സിന്ധു സതീഷ് | IF/384608 |
| കല | IF/32919 |
| ലീല | IF/329120 |
| ബിനുകുമാർ | IF/384612 |
| സുശീല | IF/385717 |

## ഫയൽ

- കവർപേജ് ഉൾക്കൊള്ളിച്ചിട്ടില്ല
- ഭരണാനുമതി, സാങ്കേതികാനുമതി, വിശദമായ എസ്റ്റിമേറ്റ്, വേജ് ലിസ്റ്റ്, തുടങ്ങിയ രേഖകൾ ഉണ്ടായിരുന്നു. ആവശ്യമായ സാക്ഷ്യപ്പെടുത്തൽ ഉണ്ടായിരുന്നു.
- റൂട്ട് മേപ്പ് ഉണ്ടായിരുന്നു.
- എല്ലാ ഗുണഭോക്താക്കളുടെയും റേഷൻ കാർഡ്, ഐഡി കാർഡ്, ആധാർ, പാസ്ബുക്ക് തൊഴിൽ കാർഡ്, തുടങ്ങിയ രേഖകളുടെ പകർപ്പ്ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു
- ലൈഫ് ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടത്തിലുള്ള ഫോട്ടോകൾ ഫയലിൽ സൂക്ഷിച്ചിരുന്നു.
- ഭവന പദ്ധതിയിൽ അംഗമായ ഓരോ കുടുംബത്തിനും 90 പ്രവർത്തി ദിനങ്ങൾ ലഭിച്ചതായി മസ്റ്റർ റോൾ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമായി

## ഫീൽഡ്

- എല്ലാ വീടുകളും പൂർത്തിയായ നിലയിലായിരുന്നു പദ്ധതിയിലൂടെ ലഭിക്കേണ്ട 90 തൊഴിൽദിനങ്ങൾ ലഭിച്ചിട്ടുണ്ടോ എന്നതിൽ ഗുണഭോക്താക്കൾക്ക് വ്യക്തത ഉണ്ടായിരുന്നില്ല
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു

**അരശുമൂട് വാർഡിൽ ആകെ 8 പ്രവർത്തികളാണ് നടന്നിട്ടുള്ളത്. പ്രവർത്തിയും പ്രവർത്തികളുടെ വർക്ക് കോഡ് ഉം ചുവടെ ചേർക്കുന്നു**


| ക്രമ നമ്പർ | പ്രവർത്തി | വർക്ക് കോഡ് | പ്രവർത്തി ആരംഭം | പ്രവർത്തി പൂർത്തീകരണം | ചിലവായ തുക |
|---|---|---|---|---|---|
| 1 | ഭൂവികസന പ്രവർത്തികൾ | WC/332388 | 02/02/2019 | 24/03/2019 | 1, 61, 361 |
| 2 | ചെറുകിട പ്രവർത്തികൾ | WC/332404 | 29/11/2018 | 09/02/2019 | 1, 62, 492 |
| 3 | ഗ്രൂപ്പുകളുടെ പാട്ട കൃഷിക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ | LD/315643 | 17/05/2019 | 25/05/2019 | 1, 83, 038 |
| 4 | ഗ്രൂപ്പുകളുടെ പാട്ടകൃഷിക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ | LD/244320 | 24/10/2018 | 19/11/2018 | 1, 85, 656 |
| 5 | ഗ്രൂപ്പുകളുടെ പാട്ടകൃഷിക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ | LD/315640 | 25/01/2019 | 17/06/2019 | 1, 77, 662 |
| 6 | പള്ളിവിള മുതൽ മണ്ണകല്ല് നട വരയുള്ള തോട് പുനരുദ്ധാരണം | WC/307896 | 13/03/2019 | 26/03/2019 | 1, 85, 583 |
| 7 | അരുമാനൂർ ന്യൂ എൽ പി സ്കൂൾ സ്കൂൾ മുതൽ പരിസരം തറ നിരപ്പാക്കൽ | LD/245293 | 10/12/2018 | 22/12/2018 | 59, 656 |
| 8 | നഴ്സറി നിർമ്മാണം | LD/221857 | ——— | ——— | —— |

## (1)പ്രവർത്തി: ഭൂവികസന പ്രവർത്തികൾ

## വർക്ക് കോഡ്:WC/332388

**ഫയൽ**

- **Amc പ്രകാരമുള്ള കവർപേജ്, ചെക്ക് ലിസ്റ്റ്, എന്നീ രേഖകൾ ഉണ്ടായിരുന്നില്ല**
- **ഭരണാനുമതി, സാങ്കേതിക അനുമതി, എന്നീ രേഖകളിൽ അവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു**
- **ഫയലിൽ ഉൾക്കൊള്ളിക്കേണ്ടതായ രേഖകളിൽ പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള രേഖ, ഫണ്ട് ട്രാൻസ്ഫർ ഓർഡർ, , ഫയൽ ടാക്കിങ് ഫോം എന്നിവ ഇല്ലായിരുന്നു.**
- **വേജ് ലിസ്റ്റ്, , പണിയായുധങ്ങളുടെ കണക്ക്, വിശദമായ എസ്റ്റിമേറ്റ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.**
- **പ്രവർത്തിയുടെ വിവിധ ഘട്ടത്തിലുള്ള ഫോട്ടോകൾ ഫയലിൽ ഉണ്ടായിരുന്നു**
- **മസ്റ്റർ റോൾ നമ്പർ 37380, 37381 എന്നിവയിലായി 8പേർ പ്രവർത്തിയിൽ തുടർച്ചയായി ഹാജരാകാത്തതായി രേഖപ്പെടുത്തിക്കാണുന്നു.**
- **മസ്റ്റർ റോൾ നമ്പർ 37380, 37381ൽ 2 പേരുടെ ഒപ്പിനു മുകളിൽ അബ്സെന്റ് രേഖപ്പെടുത്തിയിരിക്കുന്നു**
- മസ്റ്റർ റോൾ നമ്പർ **26217 വെട്ടി തിരുത്തുകൾ രേഖപ്പെടുത്തിയിരിക്കുന്നു**



- സൈറ്റ് ഡയറി ഉണ്ടായിരുന്നു
- സൈറ്റ് ഡയറിയിലെ ചെക്ക് ലിസ്റ്റ്, സന്ദർശന കുറിപ്പുകൾ, വിജിലൻസ് മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട്, എന്നിയിൽ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു

## ഫീൽഡ്

- മെഷർമെന്റ് ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം 35 മഴക്കുഴികൾ, , 58 തെങ്ങിൻ കുഴികൾ, പണകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് തല പരിശോധനയിൽ 14 മഴക്കുഴികൾ, , 27 തെങ്ങിൻ കുഴികൾ, പണകളുടെ നിർമ്മാണം എന്നീ പ്രവർത്തികൾ കാണാൻ സാധിച്ചു. ഭൂരിഭാഗം പ്രവർത്തി സ്ഥലങ്ങളും കാടുപിടിച്ച നിലയിലും. കാലാവസ്ഥാ വ്യതിയാനം മൂലം വെള്ളം കയറിയ നിലയിലുമായിരുന്നു.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു

## (2)പ്രവൃത്തി ചെറുകിട പ്രവർത്തികൾ

## വർക്ക് കോഡ് :wc/332404

## ഫയൽ

- സാങ്കേതികാനുമതി രേഖ ഭരണാനുമതി രേഖയിൽ അവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു
- മൂല്യനിർണയ സാക്ഷ്യപത്രം, വിശദമായ എസ്റ്റിമേറ്റ്, വേജ് ലിസ്റ്റ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരുന്നു
- മസ്റ്റർ റോൾ നമ്പർ 26506, 26507, 26238 എന്നിവയിലായി 4പേർ പ്രവർത്തിയിൽ തുടർച്ചയായി ഹാജരാകാത്തതായി രേഖപ്പെടുത്തിക്കാണുന്നു.
- ഭൂവുടമയുടെ കരം തീർത്ത രസീത് പകർപ്പ് ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു
- പ്രവർത്തിയുടെ വിവിധ ഘട്ടത്തിലുള്ള ഫോട്ടോകൾ ഫയലിൽ ഉണ്ടായിരുന്നു
- സൈറ്റ് ഡയറി ഉണ്ടായിരുന്നു
- സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു

## ഫീൽഡ്

- മെഷർമെന്റ് ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം 26 മഴക്കുഴികൾ, 44 തെങ്ങിൻ കുഴികൾ, 2വളക്കുഴികൾ, പണകളുടെനിർമ്മാണം എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

- ഫീൽഡ് തല പരിശോധനയിൽ 8 മഴക്കുഴികൾ, 13തെങ്ങിൻകുഴികൾ, പണ കളുടെ നിർമാണവും കാണാൻ സാധിച്ചു. പ്രവർത്തി നല്ല രീതിയിൽ നടപ്പിലാക്കിയിട്ടുള്ളതായി തൊഴിലാളികൾ സാക്ഷ്യപ്പെടുത്തുന്നു എങ്കിലും പ്രവർത്തിയിടം വിലയിരുത്താൻ സാധിക്കാത്തവിധം പൂട്ടിയ നിലയിലായിരുന്നു



- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു

**( 3)പ്രവർത്തി:** ഗ്രൂപ്പുകളുടെ പാട്ടകൃഷിക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ

**കോഡ് :LD/315643**

### ഫയൽ

- ഭരണാനുമതി, സാങ്കേതിക അനുമതി, എന്നീ രേഖകളിൽ അവശ്യമായ

സാക്ഷ്യപ്പെടുത്തലുകൾ  ഉണ്ടായിരുന്നു

- ഫയലിൽ ഉൾക്കൊള്ളിക്കേണ്ടതായ രേഖകളിൽ പ്രവർത്തി അനുവദിച്ചുകൊണ്ടുള്ള രേഖ, ഫണ്ട് ട്രാൻസ്ഫർ ഓർഡർ, , ഫയൽ ടാക്കിങ് ഫോം എന്നിവ ഇല്ലായിരുന്നു.
- വേജ്  ലിസ്റ്റ്, , പണിയായുധങ്ങളുടെ കണക്ക്, വിശദമായ എസ്റ്റിമേറ്റ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.
- പ്രവർത്തിയുടെ വിവിധ ഘട്ടത്തിലുള്ള ഫോട്ടോകൾ ഫയലിൽ ഉണ്ടായിരുന്നു
- പാട്ടകൃഷിക്ക്  അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് വേണ്ടിയുള്ള, പാട്ടകൃഷിയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ്,  പ്രോജക്ട്  മീറ്റിംഗ് നോട്ടീസ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു
- ഗ്രൂപ്പായി എഴുതിത്തയ്യാറാക്കിയ ഡിമാൻഡ് ഫോം  ഉണ്ടായിരുന്നു
- 200രൂപ പത്രത്തിൽ ഭൂവുടമ പ്രവർത്തി ചെയ്യാൻ സമ്മതം അറിയിച്ചുകൊണ്ടുള്ള പാട്ടക്കരാർ ഫയലിൽ ഉണ്ടായിരുന്നു
- മസ്റ്റർ റോൾ നമ്പർ  2602, 2606, 2607   എന്നിവയിലായി 6 പേർ പ്രവർത്തിയിൽ തുടർച്ചയായി ഹാജരാകാത്തതായി  രേഖപ്പെടുത്തിക്കാണുന്നു.
- സൈറ്റ്ഡയറി ഉണ്ടായിരുന്നു
- സൈറ്റ്ഡയറിയിലെ  രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു

## ഫീൽഡ്

- മെഷർമെന്റ് ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2 പേരുടെ പ്രവർത്തി ഇടങ്ങളിലായി 126  വാഴ കുഴികൾ, പണകളുടെ നിർമ്മാണം എന്നിങ്ങനെ  രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധനയിൽ പ്രവർത്തികസ്ഥലത്ത് 108 വാഴ  കുഴികളിൽ വാഴ കൃഷി ചെയ്തിരിക്കുന്നതായും,  പണ  കളുടെ നിർമ്മാണവും കാണാൻ സാധിച്ചു
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു



## 4 പ്രവർത്തി:  ഗ്രൂപ്പുകളുടെ പാട്ടകൃഷിക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ

കോഡ് :LD/244320

ഫയൽ

- ഭരണാനുമതി, സാങ്കേതിക അനുമതി,  എന്നീ രേഖകളിൽ അവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ   ഉണ്ടായിരുന്നു
- മസ്റ്റർ റോൾ നമ്പർ 11041, 16047 എന്നിവയിലായി  2പേർ പ്രവർത്തിയിൽ തുടർച്ചയായി ഹാജരാകാത്തതായി  രേഖപ്പെടുത്തിക്കാണുന്നു
- പാട്ടകൃഷിക്ക്  അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് വേണ്ടിയുള്ള, പാട്ടകൃഷിയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ്,   പ്രോജക്ട്  മീറ്റിംഗ് നോട്ടീസ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു
- പ്രവർത്തിയുടെ വിവിധ ഘട്ടത്തിലുള്ള ഫോട്ടോകൾ ഫയലിൽ ഉണ്ടായിരുന്നു
- 18  പേർ എഴുതിത്തയ്യാറാക്കിയ ഗ്രൂപ്പ് ഡിമാൻഡ് ഫോം ഉണ്ടായിരുന്നു
- സൈറ്റ് ഡയറി ഉണ്ടായിരുന്നു
- സൈറ്റ് ഡയറിയിലെ വിവരങ്ങൾ പൂർണമായിരുന്നു

**ഫീൽഡ്**

- മെഷർമെന്റ് ബുക്കിലെ രേഖകൾ പ്രകാരം8543 മീറ്റർ സ്ക്വയർ സ്ഥലത്ത് കൃഷിക്ക് അനുയോജ്യമായ രീതിയിൽ ഭൂമി പാകപ്പെടുത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു.
- ഫീൽഡ് തല പരിശോധനയിൽ രണ്ടുപേരുടെ പ്രവർത്തി ഇടങ്ങളിലായി വാഴകൃഷി ചെയ്തിരിക്കുന്നതായി കാണാൻ സാധിച്ചു.
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു

## 5 പ്രവർത്തി: ഗ്രൂപ്പുകളുടെ പാട്ടകൃഷിക്ക് അടിസ്ഥാനസൗകര്യം ഒരുക്കൽ

## കോഡ് :LD/ 315640

- ഭരണാനുമതി, സാങ്കേതിക അനുമതി, എന്നീ രേഖകളിൽ അവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു
- മസ്റ്റർ റോൾ നമ്പർ 11041, 16047 എന്നിവയിലായി 2പേർ പ്രവർത്തിയിൽ തുടർച്ചയായി ഹാജരാകാത്തതായി രേഖപ്പെടുത്തിക്കാണുന്നു
- വേജ് ലിസ്റ്റ്, ഡീറ്റെയിൽസ് എസ്റ്റിമേറ്റ് പ്രവർത്തിയുടെ വിവിധ ഘട്ടത്തിലുള്ള ഫോട്ടോസ്, റൂട്ട് മാപ്പ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരുന്നു
- പാട്ടകൃഷിക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് വേണ്ടിയുള്ള, പാട്ടകൃഷിയുമായി ബന്ധപ്പെട്ട സർട്ടിഫിക്കറ്റ്, പ്രോജക്ട് മീറ്റിംഗ് നോട്ടീസ് എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു
- സൈറ്റ് ഡയറി ഉണ്ടായിരുന്നു

ഫീൽഡ്

- മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തലുകൾ പ്രകാരം 1745 മീറ്റർ സ്ക്വയർ സ്ഥലത്ത് കൃഷിക്ക് അനുയോജ്യമായ രീതിയിൽ ഭൂമി പാകപ്പെടുത്തിയിരിക്കുന്നത് ആയി രേഖപ്പെടുത്തി കാണുന്നു
- ഫീൽഡ് തല പരിശോധനയിൽ മെഷർമെന്റ് ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം വാഴകൃഷി ചെയ്തിരിക്കുന്നതായി കാണാൻ സാധിച്ചു. പ്രവർത്തി യിടം കന്നുകാലികൾ നശിപ്പിച്ച നിലയിലും കാണാൻ സാധിച്ചു



## 6പ്രവർത്തി - പള്ളിവിള മുതൽ മണ്ണകല്ല് നട വരയുള്ള തോട് പുനരുദ്ധാരണം

## വർക്ക് കോഡ് -wc/307896

**ഫയൽ**

- Amc പ്രകാരമുള്ള കവർപേജ്, ചെക്ക് ലിസ്റ്റ്, എന്നീ രേഖകൾ ഉണ്ടായിരുന്നില്ല
- ഭരണാനുമതി, സാങ്കേതിക അനുമതി, എന്നീ രേഖകളിൽ അവശ്യമായ

  സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു
- പ്രവർത്തിയുടെ വിവിധ ഘട്ടത്തിലുള്ള ഫോട്ടോ, റൂട്ട്മാപ്പ്, ഡ്രോയിങ് & ഡിസൈനിങ്, എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു
- പ്രോജക്ട് മീറ്റിംഗ് നടത്തിയ നോട്ടീസ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്, നോട്ടീസിൽ 17 പേരുടെ പേര്, ഒപ്പ് എന്നിവ രേഖപ്പെടുത്തിയിരിക്കുന്നു
- മസ്റ്റർ റോൾ നമ്പർ 36700, ൽ വെട്ടി തിരുത്തലുകൾ ഉണ്ടായിരുന്നു

- മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്, മൂല്യനിർണയ സാക്ഷിപത്രം, ഫണ്ട് ട്രാൻസ്ഫർ ഓർഡർ, എന്നി വ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
- എഴുതിത്തയ്യാറാക്കിയ ഡിമാൻഡ് ഫോം ഫയലിൽ ഉണ്ടായിരുന്നു
- സൈറ്റ് ഡയറി ഉണ്ടായിരുന്നു
- സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തലുകൾ പൂർണമായിരുന്നു

ഫീൽഡ്

- മെഷർമെന്റ് ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം 510 മീറ്റർ ദൂരത്തിൽ പ്രവർത്തി നടന്നിട്ടുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധനയിൽ മെഷർമെന്റ് ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം പ്രവർത്തി നടന്നു എന്ന് വ്യക്തമായി, എന്നാൽ പ്രവർത്തിയിടത്തിന്റെ ഇരുവശത്തും കാടുകയറി കിടക്കുന്നതിനാലും , ചതുപ്പ് നിറഞ്ഞ പ്രദേശമായതിനാലും പ്രവർത്തി ശരിയായ വണ്ണം വിലയിരുത്താൻ സാധിച്ചില്ല
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു

## 7 പ്രവർത്തി: അരുമാനൂർ ന്യൂ എൽ പി സ്കൂൾ സ്കൂൾ മുതൽ പരിസരം തറ നിരപ്പാക്കൽ

## വർക്ക്കോഡ് - wc/245293

ഫയൽ

- നിയമപ്രകാരമുള്ള 22 രേഖകളിൽ കവർപേജ്, ചെക്ക് ലിസ്റ്റ്, മസ്റ്റ് റോൾ മൂവ്മെന്റ് സ്ലിപ്പ്, ഫണ്ട് ട്രാൻസ്ഫർ ഓർഡർ, മൂല്യനിർണയ സാക്ഷിപത്രം, പ്രവർത്തി പൂർത്തീകരണ സാക്ഷിപത്രം, എന്നിവ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല.
- മസ്റ്റർ റോൾ നമ്പർ 18097,ഇൽ രണ്ടുപേർ പ്രവർത്തിയിൽ തുടർച്ചയായി ഹാജരാകാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു
- ഭരണാനുമതി, സാങ്കേതിക അനുമതി, എന്നീ രേഖകളിൽ അവശ്യമായ

  സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു
- എഴുതിത്തയ്യാറാക്കിയ ഗ്രൂപ്പ് ഡിമാൻഡ് ഫോമിൽ 20 പേർ തൊഴിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും സൈറ്റ് ഡയറിയിൽ യിൽ 23 പേരുടെ പേര്

വിവരങ്ങൾ  ഉണ്ടായിരുന്നു

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു

## ഫീൽഡ്

- മെഷർമെന്റ് ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം 2970മീറ്റർ സ്ക്വയർ പരിസരം നിരപ്പാക്കിതായി  രേഖപ്പെടുത്തിയിരിക്കുന്നു
- ഫീൽഡ് തല പരിശോധനയിൽ പ്രവർത്തി നല്ല രീതിയിൽ നടപ്പിലാക്കിയ തായി കാണാൻ സാധിച്ചു
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്  ഉണ്ടായിരുന്നു



**8 പ്രവർത്തി: നഴ്സറി നിർമ്മാണം**

**വർക്ക്കോഡ് - DP/221857**

## ഫയൽ

- **ഭരണാനുമതി, സാങ്കേതിക അനുമതി, എന്നീ രേഖകളിൽ , അവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നു.**
- **എസ്റ്റിമേറ്റ്, ഡീറ്റെയിൽ എസ്റ്റിമേറ്റ്, എന്നിവ ഉണ്ടായിരുന്നു**
- **പ്രവർത്തിയുടെ വിവിധ ഘട്ടത്തിലുള്ള ഫോട്ടോകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരുന്നു**
- **റൂട്ട് മാപ്പ് ഉണ്ടായിരുന്നു**
- **പ്രവർത്തി അനുവദിച്ചുകൊണ്ടുള്ളരേഖ, മസ്റ്റർറോൾ മൂവ്മെന്റ്സ്ലിപ്പ് എന്നിവ ഉണ്ടായിരുന്നില്ല**

## ഫീൽഡ്

- **മെഷർമെന്റ് ബുക്കിലെ രേഖപ്പെടുത്തലുകൾ പ്രകാരം 1500 തൈകൾ പരിപാലിക്കുന്നതിനായി രേഖപ്പെടുത്തിയിരിക്കുന്നു**
- **ഫീൽഡ് തല പരിശോധനയിൽ നഴ്സറിയിൽ 1258 തൈകൾ കാണാൻ സാധിച്ചു**
- **തൈകൾ നല്ല രീതിയിൽ പരിപാലിക്കുന്ന തായി ഫീൽഡ് തല പരിശോധനയിൽ നിന്നും വ്യക്തമായി**
- **സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് ഉണ്ടായിരുന്നു**



**പൊതുവായ കണ്ടെത്തലുകൾ**

- കവർപേജ്, ചെക്ക് ലിസ്റ്റ്, മാസ്റ്റർ മൂവ്മെന്റ് സ്ലിപ്പ്, എന്നീ രേഖകൾ ഫയലിൽ ഉൾക്കൊള്ളിച്ചിരുന്നി ല്ല
- ഭരണാനുമതി , സാങ്കേതിക അനുമതി രേഖകളിൽ സാക്ഷ്യപ്പെടുത്തലുകൾ പൂർണമായിരുന്നു
- തോട് പുനരുദ്ധാരണം പോലുള്ള പ്രവർത്തികളിൽ തൊഴിലാളികൾക്ക് യാതൊരുവിധ സുരക്ഷാസംവിധാനങ്ങളും കയ്യുറകൾ, കാലുറകൾ, ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് മനസ്സിലായി
- ഫയൽ ട്രാക്കിംഗ് ഫോം  പരിശോധിച്ച് ഫയലുകളിൽ ഉണ്ടായിരുന്നില്ല
- ജനകീയ ഭാഷയിലുള്ള എസ്റ്റിമേറ്റ് ഉണ്ടായിരുന്നില്ല
- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് എല്ലാ പ്രവർത്തി ഇടങ്ങളിലും സ്ഥാപിച്ചിരുന്നു

## നിർദ്ദേശങ്ങൾ

- നിയമപ്രകാരം ഫയലിൽ ഉൾക്കൊള്ളകേണ്ടതായ രേഖകൾ ഫയലിൽ ഉൾക്കൊള്ളിക്കേണ്ടതാണ്
- തൊഴിലാളികൾക്ക് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ, തൊഴിലിട സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തുവാൻ നിർവഹണ ഏജൻസി ശ്രദ്ധിക്കേണ്ടതാണ്
- നിലവിൽ മേറ്റ് മാർ എടുത്തു നൽകുന്ന ഫോട്ടോകൾ തൊഴിൽ സ്ഥലത്ത് ഇവർ പണം മുടക്കി വാങ്ങുന്നതായ പ്രഥമ ശുശ്രൂഷ കിറ്റുകൾ എന്നിവയ്ക്ക് ചെലവാകുന്ന തുക അർഹരായവർക്ക് നൽകാൻ നിർവഹണ ഏജൻസി ശ്രദ്ധിക്കേണ്ടതാണ്
- പദ്ധതിയിലൂടെ നടപ്പിലാക്കുന്ന തായ പ്രവർത്തികൾ നിയമാനുസൃതമായ കാലയളവിൽ നിലനിർത്താൻ ഉതകുന്ന വിധം നടപ്പിലാക്കേണ്ടതാണ്

## ഗ്രാമ സഭാ പരാമർശങ്ങൾ

- പാട്ടകൃഷി നടപ്പിലാക്കാൻ തടസ്സം നിൽക്കുന്ന പ്രധാനകാരണം ഉടമയിൽ നിന്നും എഴുതി വാങ്ങുന്ന 200രൂപ പാട്ടക്കരാർ ആണെന്നും ഈ നിയമം കാരണം ഭൂവുടമകൾ പാട്ടത്തിന് കൃഷി ചെയ്യാൻ വിസമ്മതിക്കുന്നതായി തൊഴിലാളികൾ പറഞ്ഞു
- കാലാവസ്ഥയ്ക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ തൊഴിലാളികൾക്ക് കിട്ടുന്നില്ല.
- തുടർച്ചയായി തൊഴിൽദിനങ്ങൾ ലഭിക്കാത്തതും, മസ്റ്റ്  റോളുകൾ ലഭിക്കാത്തതതും  പ്രധാന പ്രശ്നമായി തൊഴിലാളികൾ ഗ്രാമസഭയിൽ പറഞ്ഞു
- പ്രവർത്തി സമയം 9.30 -4 മണി വരെ ആകുവാൻ സാധിക്കുമോ എന്ന് തൊഴിലാളികൾ ആവശ്യപ്പെട്ടു
- തോട് പുനരുദ്ധാരണം പോലുള്ള പ്രവർത്തികളിൽ യാതൊരു സുരക്ഷാ സംവിധാനങ്ങൾ ലഭിക്കുന്നില്ല എന്ന തൊഴിലാളികൾ ഗ്രാമസഭയിൽ പറയുകയുണ്ടായി
- പ്രവർത്തികൾ നല്ല രീതിയിൽ നടപ്പിലാക്കിയിട്ടുള്ളതണെന്നും പരിശോധനകളുടെ കാലതാമസം മൂലം, കാലാവസ്ഥാവ്യതിയാനവും മൂലവും  പ്രവർത്തികൾ  വിലയിരുത്താൻ സാധിക്കാത്തതാനെന്നും  തൊഴിലാളികൾ പറയുകയുണ്ടായി

റിപ്പോർട്ട് തയ്യാറാക്കിയത്

അനുശ്രീ BRP

ഗോപിക VK VRP

അരുൺ S L VRP

പാറശ്ശാല ബ്ലോക്ക്

പൂവാർ ഗ്രാമപഞ്ചായത്ത്